# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3627    30.01.2014-ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിൽ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമപ്രകാരം രജിസ്റ്റർ ചെയ്ത കേസ്സുകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽവന്നതിന ശേഷം സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമപ്രകാരം എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ; | (എ) കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം ഒരു കരുതൽ തടങ്കൽ നിയമമാണ്. അറിയപ്പെടുന്ന റൗഡി ആയും അറിയപ്പെടുന്ന ഗുണ്ട ആയും വർഗ്ഗീകരിയ്ക്കാവുന്ന ആളുകളെ കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിനാണ് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ഈ നിയമപ്രകാരം 382 പേർക്കെതിരെ കരുതൽ തടങ്കൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുകൂടാതെ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം 135 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| ബി) ഇതിൽ കാസർഗോഡ് ജില്ലയിൽ എത്ര കേസ്സുകളിൽ കുറ്റപത്രം നൽകാൻ സാധിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ? | (ബി) കാസർഗോഡ് ജില്ലയിൽ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമപ്രകാരം15 പേർക്കെതിരെ കരുതൽ തടങ്കൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ടി നിയമപ്രകാരം കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ജില്ല | കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമപ്രകാരം പുറപ്പെടുവിച്ച കരുതൽ തടങ്കൽ ഉത്തരവുകളുടെ എണ്ണം. | പ്രസ്തുത ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 118 | 5 |
| കൊല്ലം | 83 | 1 |
| പത്തനംതിട്ട | 9 | 0 |
| ആലപ്പുഴ | 29 | 6 |
| കോട്ടയം | 2 | 5 |
| ഇടുക്കി | 1 | 6 |
| എറണാകുളം | 38 | 0 |
| തൃശ്ശൂർ | 27 | 36 |
| പാലക്കാട് | 19 | 33 |
| മലപ്പുറം | 3 | 3 |
| കോഴിക്കോട് | 2 | 4 |
| വയനാട് | 3 | 0 |
| കണ്ണൂർ | 33 | 36 |
| കാസർഗോഡ് | 15 | 0 |
| റെയിൽവേയ്സ് | 0 | 0 |
| ആകെ | 382 | 135 |

സെക്ഷൻ ഓഫീസർ